THURSDAY 27/03/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/03/2025

1. പുത്തൻചിറ പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച പുതിയ കൃഷിഭവൻ കെട്ടിട ഉദ്ഘാടനം 2025 മാർച്ച് 28 വെള്ളിയാഴ്ച രാവിലെ 9.00ന് കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ. വി. ആർ. സുനിൽകുമാറിൻ്റെ അധ്യക്ഷതയിൽ കൃഷി ഭവൻ അങ്കണത്തിൽ ചേരുന്ന യോഗത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

2. തൃശൂർ വട്ടേക്കാട്ടുകര കുന്നത്തുകുന്നിലുള്ള സലീം അലി ഫൗണ്ടേഷൻ ബിൽഡിങ്ങിന്റെ ഉദ്ഘാടനം കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ. വി. ആർ. സുനിൽകുമാറിൻ്റെ അധ്യക്ഷതയിൽ മാർച്ച് 28ന് രാവിലെ 10. 30 ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു . ചടങ്ങിൽ റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ മുഖ്യപ്രഭാഷണം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7900180570 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടുക .

3. കേരള കാർഷിക സർവകലാശാല 'സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഔഷധസസ്യ കർഷക സംഗമം 2025, മാർച്ച് 28 ന് സംഘടിപ്പിക്കുന്നു. എറണാകുളം ജില്ലയിലെ ഓടക്കാലി സുഗന്ധ തൈല ഔഷധ സസ്യ ഗവേഷണ കേന്ദ്ര ത്തിൽ വച്ച് രാവിലെ 9.00 മുതൽ വൈകിട്ട് 5.00 മണി വരെ കർഷക ഉത്പന്ന പ്രദർശനം ഔഷധസസ്യ വിതരണം എന്നിവയും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 8156856952 എന്നഫോൺനമ്പറിൽ ബന്ധപ്പെടുക.

4. കോട്ടയം ജില്ലയിലെ നീലൂർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ ഫ്രീസർ യൂണിറ്റ് ഉദ്ഘാടനം 30. 03.2025 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:00 മണിക്ക് നീലൂർ പ്രൊഡ്യൂസർ കമ്പനി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അങ്കണത്തിൽ വച്ച് മാണി. സി കാപ്പൻ എംഎൽഎയുടെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു. സമ്മേളന ഉദ്ഘാടനം ജോസ് കെ മാണി എംപിയും സർട്ടിഫിക്കറ്റ് പ്രകാശനം ഫ്രാൻസിസ് ജോർജ് എംപിയും നിർവഹിക്കുന്നതാണ്.

5. തൃശ്ശൂർ പൂരം 2025 എക്സിബിഷനോടനുബന്ധിച്ച് ജില്ലാ പഞ്ചായത്ത് പവലിയനിൽ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ജില്ലയിലെ കുടുംബശ്രീ, ചെറുകിട വ്യവസായ, പരമ്പരാഗത, കരകൗശല, പട്ടികജാതി, പട്ടിക വർഗ്ഗ സംരംഭകർ മാർച്ച് 29 വൈകീട്ട് അഞ്ചിന് മുൻപായി അപേക്ഷ, ഉദ്യം രജിസ്ട്രേഷൻ, തിരിച്ചറിയൽ രേഖ എന്നിവ സഹിതം മാനേജർ (ജില്ലാ പഞ്ചായത്ത്), ജില്ലാ വ്യവസായ കേന്ദ്രം, അയ്യന്തോൾ, തൃശ്ശൂർ 680003 എന്ന വിലാസത്തിൽ സമർപ്പിക്കണം. ഐസ്ക്രീം, ജ്യൂസ്, ചായ, കാപ്പി, പാനീയങ്ങൾ, ലഘുഭക്ഷണ ഇനങ്ങൾ എന്നിവയുടെ വിൽപനക്ക് സ്റ്റാൾ അനുവദിക്കുന്നതല്ല. ഫോൺ: 9188127008.

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കോഴിക്കുഞ്ഞുങ്ങളുടെ (ബിവി 380 165 രൂപ) വിൽപ്പനയ്ക്കുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

7. 2025-26 സാമ്പത്തിക വർഷത്തിൽ മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ പ്രീമിയം ഒടുക്കി ഗുണഭോക്താക്കളാകുന്നതിന് അവസരം. 18 നും 70 നും ഇടയിൽ പ്രായമുള്ളർക്ക് പ്രീമിയം തുകയായ 509 രൂപ അടച്ച് മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ വഴി പരിരക്ഷ ഉറപ്പാക്കാം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളല്ലാത്തവർക്ക് സി

ക്ലാസ് മെമ്പർഷിപ്പ് എടുത്ത് ഇൻഷുറൻസ് പദ്ധതിയിൽ ചേരാം. ഒരു വർഷമാണ് പദ്ധതിയുടെ കാലാവധി. പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നവർക്ക് അപകട മരണമോ, അപകടത്തെ തുടർന്ന് പൂർണ, ഭാഗിക/ അംഗവൈകല്യമോ സംഭവിച്ചാൽ നിബന്ധനകൾക്ക് വിധേയമായി പത്ത് ലക്ഷം രൂപ വരെ ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാകും. ഫോൺ: 8943823000 (അഴീക്കോട്), 6282772876 (പെരിഞ്ഞനം), 7561027919 (കയ്പമംഗലം), 8281291940 (നാട്ടിക), 9746164295 (ചാവക്കാട്)

8. **കാർഷിക നിർദേശം** വഴുതനയിലെ തൈ ചീയൽ രോഗം ലക്ഷണങ്ങൾ :

തവാരണകളിൽ ബാധിക്കുന്ന ഗുരുതരമായ ഒരു രോഗമാണ് തൈ ചീയൽ രണ്ടു തരത്തിലുള്ള ലക്ഷണങ്ങളാണ് സാധാരണ കണ്ടു വരുന്നത്. മുളക്കുന്നതോടൊപ്പം ഉള്ള വാട്ടമാണ് ഒന്നാമത്തേത്. മുളച്ചതിന് ശേഷം ഉള്ള തൈ വാട്ടമാണ് രണ്ടാമത്തേത്.ഇതിൻറെ പ്രധാനമായ ലക്ഷണം,തീരെ ചെറിയ തൈകളുടെ മണ്ണിനോട് ചേർന്നുള്ള ഭാഗം നശിച്ചു പോകുന്നതാണ്. മൃദുവായി വെള്ളത്തിൽ കുതിർന്നതുപോലെ കാണപ്പെടുന്ന ഈ ഭാഗം പിന്നീട് ചീഞ്ഞു ചെടി കുഴഞ്ഞു വീണ് നശിച്ചു പോകുന്നു.

നിയന്ത്രണ മാർഗങ്ങൾ :സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ മണ്ണിൽ ഒഴിക്കുകയും ചെടിയിൽ തളിക്കുകയും ചെയ്യുക. രോഗം രൂക്ഷമായ സന്ദർഭങ്ങളിൽ മാങ്കോസെബ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായിനിയാക്കി തളിക്കുകയും മണ്ണിൽ ഒഴിക്കുകയും ചെയ്യുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം